**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5395** **21-07-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ സ്പോർട്സ് അക്കാദമിയുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കായിക പരിശീലന കേന്ദ്രങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പദ്ധതികൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **വിവിധ അക്കാദമികൾക്കും സ്പോർട്സ് അസോസിയേഷനുകൾക്കുമായി ബജറ്റിൽ വകയിരുത്തുന്ന ഫണ്ട് അക്കാഡമികൾ/ അസോസിയേഷൻ എന്നിവയിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ടി സ്ഥാപനങ്ങളുടെ കഴിഞ്ഞ മൂന്നു വർഷങ്ങളിലെ പ്രവർത്തനം കൂടി വിലയിരുത്തി അനുവദിക്കാറുണ്ട്. മുൻ വർഷങ്ങളിൽ ഫണ്ട് അനുവദിച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**1) വൈ.എം.സി.എ ടേബിൾ ടെന്നീസ് അക്കാഡമി**<br><br>**2) കേരള റേസ് ബോട്സ് & അമച്വർ റോവിംഗ് അസോസിയേഷൻ**<br><br>**3) ധ്യാൻചന്ദ് ഹോക്കി അക്കാഡമി**<br><br>**4) ഇ.എം.എസ് സ്പോർട്സ് ആന്റ് ഗെയിംസ് അക്കാഡമി, കൊട്ടുമൺ**<br><br>**5) കേരള ഹോക്കി അക്കാഡമി**<br><br>**6) കേരള ഒളിമ്പിക് അസോസിയേഷൻ**<br><br>**7) എസ്.ഡി.വി.ടേബിൾ ടെന്നീസ് അക്കാഡമി**<br><br>**8) മേഴ്സികുട്ടൻ അക്കാഡമി** |
| (ബി) | കായിക പരിശീലനങ്ങൾ വ്യാപകമാക്കുന്നതിനായി ആരംഭിച്ച സ്വകാര്യ സ്പോർട്സ് അക്കാദമികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാറുണ്ടോ; നിലവിലുള്ള അത്തരം അക്കാദമികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | **വിവിധ അക്കാദമികൾക്കും സ്പോർട്സ് അസോസിയേഷനുകൾക്കുമായി ബജറ്റിൽ വകയിരുത്തുന്ന ഫണ്ട് അക്കാഡമികൾ/ അസോസിയേഷൻ എന്നിവയിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ടി സ്ഥാപനങ്ങളുടെ കഴിഞ്ഞ മൂന്നു വർഷങ്ങളിലെ പ്രവർത്തനം കൂടി** |

| | | | |
|---|---|---|---|
| | | | **വിലയിരുത്തി അനുവദിക്കാറുണ്ട്. മുൻ വർഷങ്ങളിൽ ഫണ്ട് അനുവദിച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**1) വൈ.എം.സി.എ ടേബിൾ ടെന്നീസ് അക്കാഡമി**<br><br>**2) കേരള റേസ് ബോട്സ് & അമേച്വർ റോവിംഗ് അസോസിയേഷൻ**<br><br>**3) ധ്യാൻചന്ദ് ഹോക്കി അക്കാഡമി**<br><br>**4) ഇ.എം.എസ് സ്പോർട്സ് ആന്റ് ഗെയിംസ് അക്കാഡമി, കൊട്ടുമൺ**<br><br>**5) കേരള ഹോക്കി അക്കാഡമി**<br><br>**6) കേരള ഒളിമ്പിക് അസോസിയേഷൻ**<br><br>**7) എസ്.ഡി.വി.ടേബിൾ ടെന്നീസ് അക്കാഡമി**<br><br>**8) മേഴ്സികുട്ടൻ അക്കാഡമി** |
| (സി) | സ്വകാര്യ സ്പോർട്സ് അക്കാദമികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (സി) | **കായിക വകുപ്പ് ഇത് സംബന്ധിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടില്ല** |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങളിലെ പരിശീലകരുടെ യോഗ്യത, പരിശീലനത്തിനെത്തുന്നവരിൽ നിന്നും ഈടാക്കുന്ന ഫീസ് എന്നിവ സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥ സർക്കാർ രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ഡി) | **രൂപപ്പെടുത്തിയിട്ടില്ല** |
| (ഇ) | ഇത്തരത്തിലുള്ള അക്കാദമികളുടെ പ്രവർത്തനം ശരിയായ രീതിയിലാണെന്ന് ഉറപ്പുവരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | **പരിശോധിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ